പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3727 15.12.2014 ൽ മറുപടിക്ക്

**ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ മദ്യ സൽക്കാര പരിപാടികൾ**

ചോദ്യം: ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം : ശ്രീ.ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| **(എ)** ചീഫ് സെക്രട്ടറിയുൾപ്പെടെ ഒരു വിഭാഗം സീനിയർ ഐ.എ.എസ്/ ഐ.പി.എസ് ഉദ്യോഗസ്ഥർ നടത്തിയ ദീപാവലി ആഘോഷം എവിടെ വച്ചായിരുന്നുവെന്നും ഇതിനായി എന്തെങ്കിലും സഹായം നൽകിയോയെന്നും ഔദ്യോഗിക വാഹനമുൾപ്പെടെ ഏതെല്ലാം സർക്കാർ വാഹനങ്ങൾ ഇതിനായി ഉപയോഗിച്ചുവെന്നും വ്യക്തമാക്കുമോ;<br><br>**(ബി)** ഇതിനായി ആഭ്യന്തരവകുപ്പ് ഉൾപ്പെടെ ഏതെല്ലാം ജീവനക്കാരുടെ സേവനം ഉപയോഗിച്ചു ; വ്യക്തമാക്കുമോ; | **(എ) & (ബി)** ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ അനൗദ്യോഗികമായി നടത്തുന്ന സ്വകാര്യ ആഘോഷങ്ങൾക്ക് സർക്കാർ അനുമതി ആവശ്യമില്ല. ആയതിനാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും തന്നെ സർക്കാരിൽ ലഭ്യമല്ല. ഇതിനായി സർക്കാർ ഒരു വിധത്തിലുള്ള സഹായവും നൽകിയിട്ടില്ല. |
| **(സി)** മദ്യത്തിനെതിരെയുള്ള നടപടികൾ സ്വീകരിക്കുമ്പോൾ ഐ.എ.എസ്/ഐ.പി.എസ്. ഉദ്യോഗസ്ഥർ കടൽക്കരയിലുള്ള മുന്തിയ സ്വകാര്യ ഹോട്ടലിൽ മദ്യവിരുന്ന് നടത്തിയതു സംബന്ധിച്ച പരാതികൾ സർക്കാർ പരിശോധിച്ചുവോ; | **(സി)** പരാതി ലഭിച്ചിട്ടില്ല. |
| **(ഡി)** ഉണ്ടെങ്കിൽ ഇതിനായി സർക്കാർ അനുമതി ഇവർ വാങ്ങിയിരുന്നോയെന്നും, ഇല്ലായെങ്കിൽ സർവ്വീസ് ചട്ടലംഘനമായ ഇത്തരം പ്രവൃത്തികൾ നിയന്ത്രിക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | **(ഡി)** ബാധകമല്ല. |

| | |
|---|---|
| **(ഇ)** ഇവർ മദ്യസത്ക്കാരം മദ്യ ലൈസൻസ് ഇല്ലാത്ത ഹോട്ടലിലാണ നടത്തിയതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടവോ; പ്രസ്തുതപരിപാടിയിൽ പങ്കെടുത്ത ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ ആരെല്ലാം; വ്യക്തമാക്കുമോ;<br><br>**(എഫ്)** ഇത്തരം മദ്യ സത്ക്കാരപരിപാടികൾ ഏതെല്ലാം ദൃശ്യ-പത്ര മാധ്യമങ്ങൾ പുറത്തുവിട്ടകയുണ്ടായി എന്നറിയാമോ; വ്യക്തമാക്കുമോ; പ്രതിഷേധപരിപാടികൾ നടത്തിയത് ആരെല്ലാം; വ്യക്തമാക്കുമോ; | **(ഇ) & (എഫ്)** (എ) & (ബി) പിരിവുകൾക്ക് നല്കിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |
| **(ജി)** ഇത്തരം പ്രവർത്തനങ്ങൾ സർവ്വീസ് ചട്ടലംഘനമാണെന്ന ചൂണ്ടിക്കാട്ടിയവരും പരാതിപ്പെട്ടവരുമായ ഐ.എ.എസ്./ ഐ.പി.എസ് ഉദ്യോഗസ്ഥർ ആരെല്ലാമെന്ന വ്യക്തമാക്കുമോ? | **(ജി)** ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ നിന്നോ ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ നിന്നോ ഇത് സംബന്ധിച്ച ഒരു പരാതിയും ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**